പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം : 2625

19.02.2016 -ൽ മറുപടിയ്ക്ക്

## സംസ്ഥാന ലൈബ്രറി കൌൺസിൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ. ബാലൻ : | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ലൈബ്രറി കൌൺസിലിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി തലസ്ഥാനത്ത് സ്ഥലം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) 18/08/2000 ലെ സ.ഉ(കൈ)250/2000/റവന്യൂ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന് സർക്കാർ വക പുറമ്പോക്ക് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനു മാത്രമുള്ള അനുമതി നൽകിയിരുന്നു. റവന്യൂ രേഖകൾ പ്രകാരം ടി പുറമ്പോക്ക് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ 14/3/2002-ലെ സ.ഉ(കൈ) നം. 40/2002/റവന്യൂ ഉത്തരവ് പ്രകാരം കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് (18/8/2000-ലെ സ.ഉ(കൈ) നം. 250/2000/റവന്യൂ) സർക്കാർ തന്നെ റദ്ദുചെയ്തിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി റദ്ദുചെയ്ത സർക്കാർ ഉത്തരവിനെതിരെ കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ ബഹു: കേരള ഹൈക്കോടതി മുമ്പാകെ O.P No.8787/2002 നമ്പരായി ഹർജി ഫയൽ ചെയ്തു. 28/05/2009 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് 14/03/2002-ലെ സ.ഉ(കൈ) നം. 40/2002/റവന്യൂ എന്ന സർക്കാർ ഉത്തരവ് റദ്ദു ചെയ്ത് കേരളാ സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകി. പ്രസ്തുത |

വിധിയ്ക്കെതിരെ പബ്ലിക് ലൈബ്രറി പ്രൊട്ടക്ഷൻ കൗൺസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ WP(C) No. 37574/2009 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട കോടതി 18/11/2015-ൽ താഴെ പറയുന്ന പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു.

* 18/3/2002-ലെ സ.ഉ(കൈ) നം. 40/2002/റവന്യൂ റദ്ദാക്കി.
* ലൈബ്രറി കൗൺസിലിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള സിംഗിൾ ബഞ്ചിന്റെ വിധി റദ്ദാക്കി
* ലൈബ്രറി കൗൺസിലിന് നോട്ടീസ് നൽകി. പ്രസ്തുത വിഷയം കേട്ട് ഹിയറിംഗ് നടത്തി തീരുമാനമെടു ക്കുന്ന തിനുള്ള ചുമതല സർക്കാരിൽ നിക്ഷിപ്തമാണെന്ന് കോടതി പരാമർശിച്ചു.

| | |
|---|---|
| (ബി) പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) ഇല്ല |
| (സി) ഭൂമി തിരിച്ചെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ